**ഗ്രാമവികസന കമ്മീഷണറേറ്റിലെ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.**

**(ഹാജർ: എച്ച്.നജീബ്)**

ഗ്രാമവികസന വകുപ്പ്- ജീവനക്കാര്യം - വി.ഇ.ഒ.ഗ്രേഡ്-1 തസ്തികയിൽ നിന്നും ജി.ഇ.ഒ./ഇ.ഒ.(എച്ച്)/ഇ.ഒ.(ഡബ്ല്യ.ഡബ്ല്യ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

==========================================================

**ഉത്തരവ് നം. 18432/എസ്റ്റാ. സി.2/17/സിആർഡി** **തീയതി: 19/04/2021**

==========================================================

പരാമർശം :- 1. ജി.ഒ. (എം.എസ്) നം.54/2008/ത.സ്വ.ഭ.വ. തീയതി. 03.03.2008.

2. 13.04.21.- ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

3. 16.04.2021-ലെ ശ്രീ. സുജേഷ് . എൻ - ന്റെ അപേക്ഷ.

**ഉത്തരവ്**

(1) ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രേഡ്-1) തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ/ എക്സ്റ്റൻഷൻ ഓഫീസർ(ഹൗസിംഗ്-ഗ്രേഡ്-II)/എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) തസ്തികയിലേക്ക് കെ.എസ്.& എസ്.എസ്.ആർ.പാർട്ട് -II റൂൾ-28(b)(ii)-ലെ വ്യവസ്ഥൾക്ക് വിധേയമായി സ്ഥാനക്കയറ്റം നൽകി സൂചന (2) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ സീനിയോറിറ്റി നമ്പർ 142-ൽ ഉൾപ്പെട്ട ശ്രീ.എൻ. സുജേഷിനെ ശൂന്യവേതന അവധിയിലായിരുന്നതിനാൽ ഉൾപ്പെട്ടുത്തിയിരുന്നില്ല. ടിയാൻ ശൂന്യവേതന അവധി റദ്ദ് ചെയ്ത് 10.04.2021 -ൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ടിയാന്റെ സീനിയോറിറ്റി സംരക്ഷിച്ചുകൊണ്ട് പ്രൊമോഷന് പരിഗണിക്കുന്നതിനായി സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആയത് പ്രകാരം ടിയാനെ കെ.എസ്.& എസ്.എസ്.ആർ.പാർട്ട് - II റൂൾ-28(b)(ii)- ലെ വ്യവസ്ഥൾക്ക് വിധേയമായി താഴെ പറയും പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. 2021 ലെ പൊതു സ്ഥലംമാറ്റം നടത്തുന്ന വേളയിൽ സീനിയോറിറ്റി പ്രകാരം സ്ഥലം മാറ്റി നിയമിക്കുന്നതാണ്.

| ക്രമ നം. | സീനി യോറിറ്റി നമ്പർ | പെൻ നമ്പർ | പേര്, തസ്തിക & നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസും തസ്തികയും |
|---|---|---|---|---|
| 1 | 142 | 531011 | സുജേഷ്. എൻ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1, മേലടി ബ്ലോക്ക് | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, ഇരിട്ടി ബ്ലോക്ക് |

2. സ്ഥാനക്കയറ്റം ലഭിച്ച മേൽ ഉദ്യോഗസ്ഥനെ ഉടൻ പ്രാബല്യത്തോടെ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിടുതൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

To

ശ്രീ. സുജേഷ്. എൻ. ( ബി.ഡി.ഒ, മേലടി മുഖാന്തിരം)

പകർപ്പ് :-

(1) എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും

(2) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും

(3) എല്ലാ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കും

(4) പി&എം. സെക്ഷൻ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

(5) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്